**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 287** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് മിഷൻ-വടക്കാഞ്ചേരി മണ്ഡലം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** 2021 മുതൽ 2026 വരെ വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര, മുളങ്കുന്നത്തുകാവ് , അവണൂർ, കോലഴി, കൈപ്പറമ്പ്, അടാട്ട്, തോളൂർ ഗ്രാമപഞ്ചായത്തുകളിലും വടക്കാഞ്ചേരി നഗരസഭയിലുമായി എത്ര വീതം വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ വഴി പൂർത്തിയാക്കിയിട്ടുണ്ടെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 2021 മുതൽ 15.06.2026 വരെ വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര, മുളങ്കുന്നത്തുകാവ്, അവണൂർ, കോലഴി, കൈപ്പറമ്പ്, അടാട്ട്, തോളൂർ ഗ്രാമപഞ്ചായത്തുകളിലും വടക്കാഞ്ചേരി നഗരസഭയിലുമായി 2,424 വീടുകൾ പൂർത്തീകരി ച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി എത്ര വീതം ഭവനങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് മിഷനു കീഴിൽ പുരോഗമിക്കുന്നുണ്ടെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വടക്കാഞ്ചേരി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 350 ഭവനങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

**(സി)** ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകിയ ലൈഫ് മിഷൻ പദ്ധതി സംസ്ഥാന സർക്കാർ തുടരുമോ;വിശദമാക്കുമോ?

**<u>മറുപടി:</u>** ലൈഫ് പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്ന രീതിയിൽ മാറ്റം വരുത്തുന്ന വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ നിലവിൽ മറ്റു തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|
| തെക്കുംകര | 308 |
| മുളങ്കുന്നത്ത് കാവ് | 86 |
| അവണൂർ | 104 |
| കേലാഴി | 103 |
| കൈപ്പറമ്പ | 167 |
| അടാട്ട് | 116 |
| തോളൂർ | 120 |
| വടക്കാഞ്ചേരി നഗരസഭ | 1420 |
| **ആകെ** | **2424** |

**അനുബന്ധം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെഎണ്ണം | ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| തെക്കുംകര | 377 | 308 | 69 |
| മുളങ്കുന്നത്ത് കാവ് | 133 | 86 | 47 |
| അവണൂർ | 116 | 104 | 12 |
| കോലാഴി | 129 | 103 | 26 |
| കൈപ്പറമ്പ | 199 | 167 | 32 |
| അടാട്ട് | 137 | 116 | 21 |
| തോളൂർ | 132 | 120 | 12 |
| വടക്കാഞ്ചേരി നഗരസഭ | 1551 | 1420 | 131 |
| **ആകെ** | **2774** | **2424** | **350** |